**അറിയിപ്പ്**

സമയക്ലിപ്തത പാലിക്കുന്നതുസംബന്ധിച്ച്

മി. സ്പീക്കർ: ഇന്ന് റൂൾ 50 പ്രകാരമുള്ള അടിയന്തരപ്രമേയം എടുക്കുന്നതിന് മുമ്പ് ഒരു കാര്യം ഓർമിപ്പിക്കാനുള്ളത്, ഇന്ന് ഉച്ചയ്ക്കുശേഷം 03.30-ന് ഗവർണ്ണർ പങ്കെടുക്കുന്ന ജി. കാർത്തികേയൻ- ഇ. കെ. നായനാർ മെമ്മോറിയൽ മാധ്യമ അവാർഡുകളുടെ വിതരണവും സഭാ ടി.വി.-യുടെ ലോഗോ പ്രകാശനവും അതിനുശേഷം നിയമസഭാംഗങ്ങൾ പങ്കെടുക്കുന്ന ചില കലാപരിപാടികളും ആസൂത്രണം ചെയ്തിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങയുടെ നിർദ്ദേശങ്ങൾ ഞങ്ങൾ പാലിക്കാം. പക്ഷെ, മൂന്ന് ബില്ലുകളാണ് ഇന്നത്തെ കാര്യവിവരപട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മൂന്നര മണിക്ക് സഭാനടപടികൾ പൂർത്തിയാക്കുന്നത് എങ്ങനെയാണ്? ഇന്നലെ സഭാനടപടികൾ രാത്രി 07.00 മണിക്കാണ് അവസാനിച്ചത്. ഒന്നുകിൽ ഒരു ബിൽ അടുത്ത ദിവസത്തേയ്ക്ക് മാറ്റി വയ്ക്കണം....

മി. സ്പീക്കർ: അങ്ങയുടെ നിർദ്ദേശപ്രകാരം രണ്ട് ബില്ലുകൾ നേരത്തെ മാറ്റിയിരുന്നു.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അങ്ങേയ്ക്ക് ഒരു ബിൽ അടുത്ത ദിവസത്തേയ്ക്ക് മാറ്റി വയ്ക്കാം.

<u>മി. സ്പീക്കർ</u>: ഇന്ന് ഏഴ് പേർ മാത്രമാണ് സംസാരിക്കാനുള്ളത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, സഭയുടെ സെൻസ് മനസ്സിലാക്കി അങ്ങേയ്ക്ക് ചെയ്യാവുന്നതേയുള്ളൂ. ഇന്ന് മൂന്നരയ്ക്ക് സഭാനടപടികൾ തീരുന്ന പ്രശ്നമേയില്ല. എങ്ങനെയാണ് തീരുന്നത്? എത്ര restrain ചെയ്താലും മൂന്നര മണിക്ക് തീരില്ലായെന്നുള്ളത് അങ്ങേയ്ക്കും അറിയാവുന്നതാണ്. അതിനൊരു ഉപാധി അങ്ങ് കണ്ടുപിടിക്കണം.

<u>മി. സ്പീക്കർ</u>: ഇന്ന് അധികംപേർ സംസാരിക്കാനില്ല. ഞാൻ എന്റെ ഒരു അഭിപ്രായം പറയുന്നതിൽ അങ്ങേയ്ക്ക് വിരോധമുണ്ടോ? ടൈം മാനേജ്മെന്റ് എന്നുപറയുന്നത് ആധുനിക സമൂഹത്തിന്റെ മുഖലക്ഷണങ്ങളിലൊന്നാണ്. "Data is the new oil" എന്നാണ് ഇന്നലെ ശ്രീ. കെ. എസ്. ശബരീനാഥൻ പറഞ്ഞത്. അതുപോലെ പുതിയകാലത്ത് " Time is money" ആണ്. ടൈം മാനേജ് ചെയ്തുകൊണ്ട് കാര്യങ്ങൾ നിർവ്വഹിക്കുക എന്ന് പറയുന്നത് പുതിയ കാലത്തിന്റെ പ്രത്യേകതയാണ്. പണ്ട് നമ്മൾ പ്രസംഗിച്ചിരുന്നില്ലേയെന്ന് ചോദിച്ചാൽ, പണ്ട് നമ്മൾ കപ്പലിൽ യാത്ര ചെയ്ത് ഒരു മാസം എടുത്താണ്

വിദേശത്തേയ്ക്ക് പോകുന്നത്. ഇപ്പോൾ അങ്ങനെ ആരെങ്കിലും പോകുന്നുണ്ടോ? കാലം മാറുന്നതിനനുസരിച്ച് സമയത്തെ സംബന്ധിച്ചുള്ള ബോധ്യവും നമുക്കുണ്ടാകുന്നത് നല്ലതാണ്. ഞാനൊരു ഉദാഹരണം പറയാം. ഒരു വാദത്തിന് വേണ്ടി പറയുന്നതല്ല. എല്ലാ അംഗങ്ങൾക്കും ബാധകമാണ്. ആഫ്രിക്കയിൽ നടന്ന ഒരു ലോകസമ്മേളനത്തിൽ പങ്കെടുക്കാനുള്ള അവസരം എനിക്ക് ലഭിക്കുകയുണ്ടായി. അവിടെ ഇന്ത്യയിൽ നിന്നുള്ള വിവിധ യുവജനനേതാക്കൾ അതിൽ പങ്കെടുത്തിരുന്നു. അവിടുത്തെ പ്രസിഡന്റ് ഞങ്ങളോട് പറഞ്ഞത്, "we can conduct our meeting next day at 09.00 a.m.". ഞങ്ങൾ എല്ലാവരും 08.55-ന് തയ്യാറായിരുന്നു. എന്നാൽ പ്രസിഡന്റ് വന്നത് രണ്ട് മണിക്കാണ്. യൂറോപ്പിൽ നിന്നുള്ള ഒരാൾ എഴുന്നേറ്റ് നിന്നുകൊണ്ട് പറഞ്ഞു, this is undesirable, unbelievable, unimaginable. അദ്ദേഹം വളരെ സൗമ്യമായി ചോദിച്ചു "you don't have an idea about African time. This is Africa". സമയത്തെക്കുറിച്ചുള്ള ആധുനിക സമൂഹത്തിന്റെ വളർച്ചയിലേയ്ക്ക് ഞങ്ങൾ എത്തിയിട്ടില്ലായെന്ന് ആഫ്രിക്കൻ പ്രസിഡന്റ് തന്നെ പറയുകയാണ്. സമയബോധ്യം എന്നുപറയുന്നത് പുതിയ കാലത്തിന്റെയും പുതിയ സമൂഹത്തിന്റെയും വളർച്ചയുടെ കൂടി മുഖലക്ഷണങ്ങളിലൊന്നാണ് എന്നുകൂടി

ഓർമ്മിപ്പിച്ചുകൊണ്ട് 'brief is beautiful' എന്ന ഒരു തത്വം എല്ലാവരും പാലിക്കണമെന്നുള്ള ആഗ്രഹത്തിന്റെ പേരിൽ പറയുന്ന അഭിപ്രായമാണ്. ഞാൻ ആരെയും ഒഴിവാക്കുന്നില്ല. ഈ സഭയിലെ മന്ത്രിമാർ ഉൾപ്പെടുന്ന എല്ലാം അംഗങ്ങൾക്കും ഇത് ബാധകമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് ടൈം മാനേജ്മെന്റിനെപ്പറ്റി പറയുന്നത് പൂർണ്ണമായും സ്വാഗതം ചെയ്യുന്നു. ഇത് നിയമനിർമ്മാണ സഭയാണ്. നിയമങ്ങൾ വളരെ തലനാരിഴകീറി പരിശോധിച്ച് സൂക്ഷമമായി കൈകാര്യം ചെയ്ത് പാസ്സാക്കേണ്ടതാണ്. അങ്ങ് ഇന്ന് പറഞ്ഞതനുസരിച്ച് മൂന്നര മണിക്ക് മുമ്പായി ഈ മൂന്ന് ബില്ലുകളുടെയും രണ്ടാം വായനയും ക്ലോസ് ബൈ ക്ലോസ് ചർച്ചയും നടത്തി മൂന്നര മണിക്ക് സഭ പിരിയണമെന്ന് പറഞ്ഞാൽ ഈ നിയമനിർമ്മാണ സഭ അതിന്റെ ഉത്തരവാദിത്വം പാലിക്കുന്നില്ലായെന്നുള്ള ദൗർഭാഗ്യകരമായ കാര്യമായിരിക്കും ഇവിടെ നടക്കുന്നത്. ഏത് ചെറിയ ബില്ലാണെങ്കിലും ഓരോ ബില്ലും സഭയിൽ വരുമ്പോൾ ആ ബില്ലിന്റെ മൂലനിയമത്തെക്കുറിച്ചും ബില്ലിന്റെ അമെന്റ്മെന്റിനെക്കുറിച്ചുമൊക്കെ സംസാരിക്കുന്ന നല്ല കീഴ്വഴക്കമാണുള്ളത്. ചിലപ്പോൾ ഭേദഗതികളും ചർച്ചകളും വരും. അതുകൊണ്ട് ഒരു കാരണവശാലും നിയമനിർമ്മാണത്തിൽ

വെള്ളം ചേർക്കുന്ന ഒരു നടപടിക്കും സഭ മുതിരരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: അങ്ങ് പറയുന്നത് ശരിയാണ്. അങ്ങ് ബില്ലുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ അതിൽ ഒതുങ്ങി നിന്ന് സംസാരിക്കാൻ ശ്രദ്ധിക്കാറുണ്ട്. പക്ഷെ നമ്മുടെ പല പ്രസംഗങ്ങളും ബില്ലിൽ ഒതുങ്ങി നിന്നിട്ടാണോയെന്നുള്ളത് സ്വയം പരിശോധിക്കേണ്ടതാണ്. ഒരു സ്വയം ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ എടുക്കേണ്ട കാര്യമാണ്. ഇതൊന്നും കർശനമായി ബലപ്രയോഗത്തിലൂടെ നടപ്പിലാക്കേണ്ട കാര്യമല്ല. ബലം പ്രയോഗിച്ച് ഒന്നര മണിക്ക് സഭ പിരിയുന്ന അനുഭവം ഇവിടെയുണ്ടായിരുന്നു. അങ്ങനെയൊരു രീതി നമ്മൾ സ്വീകരിച്ചിട്ടില്ല. മൈക്ക് ഓഫാക്കിയും, എന്ത് സംഭവിച്ചാലും ഉച്ചയ്ക്ക് ഒന്നര മണിക്ക് സഭ പിരിയും. നമ്മുടെ മുൻകാല പരിണതപ്രജ്ഞരായ പലരും ആ രീതി സ്വീകരിച്ചിട്ടുണ്ട്. അതൊന്നും നമ്മൾ സ്വീകരിച്ചിട്ടില്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട സ്പീക്കർ ഇപ്പോൾ നടത്തിയിട്ടുള്ള പരാമർശത്തിൽ, ശ്രീ. വക്കം പുരുഷോത്തമൻ സ്പീക്കറായിരുന്ന സമയത്ത് കൃത്യമായി രാവിലെ

08.30-ന് സഭ തുടങ്ങി ഉച്ചയ്ക്ക് 01.30-ന് അവസാനിപ്പിച്ചിട്ടുണ്ട്. രണ്ടും മൂന്നും ബില്ലുകൾ എടുത്തിട്ടുണ്ട്. വിചാരിച്ചാൽ ഇതൊക്കെ കഴിയും. അതിൽ ഇടപെടേണ്ടതുപോലെ ഇടപെട്ടിട്ടുണ്ട്. അതിൽ ചിലപ്പോൾ കുറേ നിയന്ത്രണങ്ങൾ വച്ചിട്ടുമുണ്ടാകും. കൃത്യം 08.30-ന് തുടങ്ങി 01.30-ന് സഭ പിരിയുന്നതിന് മുമ്പ് മൂന്ന് ബില്ലുകൾ എടുത്ത അനുഭവം ഇവിടെയുണ്ട്.